>> കവർസ്റ്റോറി

സി.ദാവൂദ്

# സിസ്റ്റർ യിവോൺ
## പടിഞ്ഞാറു നിന്നൊരു ദൂത്

**ഇസ്‌ലാം ഇന്ന് ഏറ്റവും ശക്തമായി വളർന്നുകൊണ്ടിരിക്കുന്നത് അമേരിക്കയിലും യൂറോപ്പിലുമാണെന്നതും അതിൽ മുൻപന്തിയിൽ നിൽക്കുന്നത് സ്ത്രീകളാണെന്നതും ഇന്ന് അവിതർക്കിതമായ കാര്യമാണ്. ഈ പ്രവണതയുടെ നമ്മുടെ കാലത്തെ ഏറ്റവും ശക്തയായ വക്താവാണ് യിവോൺ റിഡ്‌ലി.**

**ഇസ്‌ലാമിക** സമൂഹങ്ങളെയും പ്രസ്ഥാനങ്ങളെയും ലക്ഷ്യമിട്ട് പാശ്ചാത്യ ഭരണകൂടങ്ങളും അവരുടെ സംവിധാനങ്ങളും മാധ്യമങ്ങളും ബുദ്ധിജീവികളുമെല്ലാം തന്ത്രങ്ങൾ പലവിധം മെനഞ്ഞുകൊണ്ടിരിക്കെ അവരിൽ നിന്നുതന്നെ കഴിവും ധിഷണയും സമരവീര്യവും ഒത്തുചേർന്ന പ്രതിഭകൾ ഇസ്‌ലാമിനെ ആവേശപൂർവം പുൽകുകയും അതിന്റെ കരുത്തുറ്റ പ്രചാരകരായി മാറുകയും ചെയ്യുന്നുവെന്നത് നമ്മുടെ കാലത്തെ ശ്രദ്ധേയമായ പ്രവണതകളിലൊന്നാണ്. മാൽകം എക്സ്, മുഹമ്മദലി ക്ലേ, റജാ ഗരോദി, ടി.ബി ഇർവിംഗ്, മുറാദ് ഹോഫ്മൻ, ജഫ്രി ലാംഗ്, മുഹമ്മദ് അസദ്, യൂസുഫുൽ ഇസ്‌ലാം, മോറിസ് ബുക്കായ്...എന്നു തുടങ്ങി നീണ്ടു പോകുന്നതാണ് ആ പട്ടിക. ദുരന്തത്തിന്റെയും പീഡനത്തിന്റെയും ഇരുണ്ട അറകളിൽ കഴിയുമ്പോഴും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് കനത്ത ആത്മവിശ്വാസവും ആഹ്ലാദവും നൽകുന്നതാണ് ഈ പ്രവണത. ഈ നിരയിൽ ഏറ്റവും ഒടുവിലത്തെ കണ്ണികളിൽ ശ്രദ്ധേയരായ രണ്ടു വ്യക്തിത്വങ്ങളാണ് ബ്രിട്ടനിലെ യിവോൺ റിഡ്‌ലിയും അമേരിക്കയിലെ ഇൻഗ്രിഡ് മാറ്റ്സനും. ഇൻഗ്രിഡ് മാറ്റ്സൻ അമേരിക്കയിലെ ഏറ്റവും വലിയ ഇസ്‌ലാമിക

പ്രസ്ഥാനമായ *ഇസ്ന*യുടെ അധ്യക്ഷയായി തെരഞ്ഞെടുക്കപ്പെട്ടെങ്കിൽ, യിവോൺ ലോകത്തെങ്ങും ഓടിനടന്ന് ഇസ്‌ലാമിക മുന്നേറ്റങ്ങൾക്ക് ആവേശം പകരുകയാണ്. സ്ത്രീകളെ കുത്തിപ്പിഴിഞ്ഞ് ചമ്മന്തിയാക്കലാണ് ഇസ്‌ലാമിന്റെ പ്രധാനപ്പെട്ട കലാപരിപാടിയെന്ന് കിഴക്കും പടിഞ്ഞാറുമുള്ള സകലമാന മതേതരവാദികളും ഇടതുപക്ഷക്കാരും ഫെമിനിസ്റ്റുകളും മാധ്യമങ്ങളും യു.ജി.സി ലക്ചർമാരും ഇടതടവില്ലാതെ പ്രചരിപ്പിക്കുമ്പോൾ തന്നെയാണ് 'സ്ത്രീസ്വാതന്ത്ര്യത്തിന്റെ' സ്വർഗഭൂമികളിൽ നിന്നുതന്നെ കരുത്തരായ ഇസ്‌ലാമിക വനിതാ ആക്റ്റിവിസ്റ്റുകൾ കടന്നുവരുന്നത്. ഇസ്‌ലാം ഇന്ന് ഏറ്റവും ശക്തമായി വളർന്നുകൊണ്ടിരിക്കുന്നത് അമേരിക്കയിലും യൂറോപ്പിലുമാണെന്നതും അതിൽ മുൻപന്തിയിൽ നിൽക്കുന്നത് സ്ത്രീകളാണെന്നതും അവിതർക്കിതമായ കാര്യമാണ്. ഈ പ്രവണതയുടെ നമ്മുടെ കാലത്തെ ഏറ്റവും ശക്തയായ വക്താവാണ് യിവോൺ റിഡ്‌ലി.

സാഹസികയായ പത്രപ്രവർത്തകയായിരുന്നു യിവോൺ. ആ സാഹസികത തന്നെയാണ് അവരെ താലിബാൻ തടവറയിൽ എത്തിച്ചതും. അഫ്ഗാൻ യുദ്ധം റിപ്പോർട്ടു ചെയ്യാൻ, യുദ്ധം തുടങ്ങുന്നതിന് മുമ്പു തന്നെ, അവരെ *സൺഡേ എക്സ്പ്രസ്* പാകിസ്താനിലേക്ക് വിടുകയായിരുന്നു. എന്നാൽ യുദ്ധമുഖത്ത് നിന്നുതന്നെ അത് റിപ്പോർട്ട് ചെയ്യണമെന്നത് അവരുടെ നിർബന്ധമായിരുന്നു. അഫ്ഗാനിസ്താനിലേക്ക് വിസ കിട്ടാതായപ്പോൾ വിസയും രേഖകളുമില്ലാതെ തന്നെ അതിർത്തി കടക്കണമെന്ന് അവർ തീരുമാനിച്ചു. ബുർഖ ധരിച്ച് വേഷം മാറി അവർ അഫ്ഗാനിലേക്ക് കടന്നു. പക്ഷേ താലിബാൻ പടയാളികൾ അവരെ തിരിച്ചറിയുകയും യാത്രാരേഖകളില്ലാതെ അതിർത്തി കടന്നതിന്റെ പേരിൽ ജയിലടക്കുകയും ചെയ്തു. 11 ദിവസം തടവറയിൽ കഴിഞ്ഞ അവർ ഒരുസന്ദർഭത്തിലും താലിബാനുമായി സഹകരിക്കാൻ തയാറായില്ല. താലിബാൻ പടയാളികളോട് കയർക്കുകയും അവരുടെ മേൽ കാർക്കിച്ചു തുപ്പുകയും ജയിലിൽ നിരാഹാരം കിടക്കുകയുമായിരുന്നു അവർ. 'അടുത്ത സൂര്യോദയം കാണില്ലെന്ന് ഉറപ്പിച്ച സന്ദർഭമായിരുന്നു അത്' എന്ന് അവർ പിന്നീട് അനുസ്മരിക്കുന്നുണ്ട്. റിഡ്‌ലി ജയിലടക്കപ്പെട്ടത് അന്തർദേശീയ തലത്തിൽ തന്നെ വമ്പിച്ച കോലാഹലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു. താലിബാന്റെ പൈശാചികതകളിൽ ഒന്നായി അത് വ്യാഖ്യാനിക്കപ്പെട്ടു. താലിബാന്റെ സ്ത്രീപീഡന വൈദഗ്ദ്യത്തെക്കുറിച്ച് നമ്മുടെ മലയാളം സബ് എഡിറ്റർമാർ വരെ സ്തോഭകഥകൾ എഴുതിക്കൊണ്ടിരുന്നു. യാത്രാ രേഖകളില്ലാതെ രാജ്യത്ത് കടന്നാൽ അറസ്റ്റു ചെയ്യുക എന്നത് ലോകത്താകമാനമുള്ള പൊതുനിയമമാണെന്ന കാര്യം വരെ എഡിറ്റോറിയൽ ഡസ്കിലുള്ള വിദേശകാര്യവിദഗ്ധർ മറന്നുപോയി. അഫ്ഗാൻ ആക്രമണത്തിന് സ്വന്തം ജനതയുടെ പിന്തുണ നേടിയെടുക്കാൻ ബ്രിട്ടീഷ് ഭരണകൂടം ഈ അവസരം ശരിക്കും ഉപയോഗിച്ചു.


അബ്ദുല്ല മൻഹാം, ശഹീൻ എന്നിവരോടൊപ്പം

എന്നാൽ തടവറയിൽ നിന്ന് പുറത്തുവന്ന റിഡ്‌ലിയെ ആ തടവറക്കാലം ശരിക്കും സ്വാധീനിച്ചിരുന്നു. താലിബാൻ പടയാളികൾ സ്ത്രീകളോട് കാണിക്കുന്ന ആദരവാണ് അവരുടെ മനസ്സിനെ പിടിച്ചുലച്ച കാര്യം. 'സഹോദരി' എന്ന അഭിസംബോധന അവരെ വല്ലാതെ ആകർഷിച്ചു. ലണ്ടനിൽ തിരിച്ചെത്തിയ ശേഷം നീണ്ട രണ്ടര വർഷക്കാലം ഇസ്‌ലാം പഠനത്തിനുവേണ്ടി ചെലവഴിച്ചു. ഇസ്‌ലാമിക അധ്യാപനങ്ങളിൽ ആകൃഷ്ടയായ അവർ പരസ്യമായി ഇസ്‌ലാം ആശ്ലേഷിക്കുകയായിരുന്നു. ഇസ്‌ലാം ആശ്ലേഷണത്തെ മതംമാറ്റം (Conversion) എന്ന് വിശേഷിപ്പിക്കാൻ അവർ സന്നദ്ധയല്ല. മറിച്ച് യാഥാർഥ്യത്തിലേക്കുള്ള തിരിച്ചുവരവാണ് (Reversion) അത് എന്നവർ ഉറപ്പിക്കുന്നു. വനിതകളുടെ മാഗ്നാകാർട്ടയാണ് ഖുർആൻ എന്ന് അവർ അടിവരയിടുന്നു.

യിവോൺ തന്നെ നിരന്തരം ഊന്നിപ്പറയുന്നതുപോലെ ഒരു പണ്ഡിതയല്ല. ഇസ്‌ലാമിക നിയമത്തിലും സംഹിതകളിലും സംജ്ഞകളിലും അവർ അഗാധയല്ല. പക്ഷേ, അവർ പ്രകടിപ്പിക്കുന്ന വിശ്വാസപരമായ കരുത്ത്, നിശ്ചയ ദാർഢ്യം, ധൈര്യം, ചങ്കൂറ്റം ആരെയും ത്രസിപ്പിക്കുന്നതാണ്. സ്വന്തം വെബ്സൈറ്റിൽ റിഡ്‌ലിയെ പരിചയപ്പെടുത്തിക്കൊണ്ടുള്ള ആദ്യവാചകത്തിൽ തന്നെ Well known in the Muslim World for her outspoken views എന്ന് കാണാൻ കഴിയും. അനീതിക്കെതിരായ അടങ്ങാത്ത രോഷവും സമരവീര്യവുമാണ് അവരുടെ ഏറ്റവും വലിയ പ്രത്യേകത. ശരിയെന്ന് തോന്നുന്നത് ആരുടെ മുന്നിലും എപ്പോഴും വെട്ടിത്തുറന്നു പറയുന്ന പ്രകൃതം. ഒന്നര വർഷം മുമ്പ് കെയ്റോവിൽ നടന്ന ഒരു സമ്മേളനത്തിൽ റിഡ്‌ലി നടത്തിയ ആവേശകരമായ പ്രസംഗം ഇപ്പോഴും ഓർമയിലുണ്ട്. സാമ്രാജ്യത്വ ശക്തികൾക്ക് പാദസേവ ചെയ്യുന്ന അറബ് ഭരണാധികാരികൾക്കും അവർക്ക് വിശറി വീശുന്ന ആസ്ഥാന പണ്ഡിതർക്കുമെതിരായ രോഷത്തിന്റെ തീമഴയായിരുന്നു അത്. ശൈഖുൽ അസ്ഹറിനെ പോലും പ്രസ്തുത പ്രസംഗത്തിൽ അവർ വിമർശിക്കുകയുണ്ടായി. കൊച്ചിയിൽ വിമാനമിറങ്ങിയ ഉടനെ ആ സമ്മേളനത്തെയും പ്രസംഗത്തെയും കുറിച്ച് ഓർമ്മിപ്പിച്ചപ്പോൾ നിറഞ്ഞ ചിരിയോടെ അവർ പറഞ്ഞു: 'എന്നെ സ്റ്റേജിൽനിന്ന് പുറത്താക്കിക്കളയുമോ എന്ന് ആ സമയം ഞാൻ സംശയിക്കാതെയല്ല'. വിട്ടുവീഴ്ചയില്ലാത്ത ഈ ശൈലി അവർക്ക് ധാരാളം ശത്രുക്കളെ സമ്മാനിച്ചിട്ടുണ്ട്. ഏതാനും മാസങ്ങൾക്ക് മുമ്പ് അമേരിക്കൻ സന്ദർശ

നത്തിനിടെ വിമാനത്താവളത്തിൽ അവരെ ഏറെ സമയം അധികൃതർ തടഞ്ഞുവെക്കുകയുണ്ടായി. എന്തിനേറെ, സ്വന്തം നഗരത്തിലെ ഹീത്രു വിമാനത്താവളത്തിൽ വരെ അവർ അസാധാരണമായ പരിശോധനകൾക്കും ചോദ്യം ചെയ്യലിനും വിധേയമായിട്ടുണ്ട്. കെയ്റോവിൽ ഒരു പത്രസമ്മേളനത്തിനിടെ ഇഖ്വാൻ പ്രവർത്തകരെ അന്യായമായി തടങ്കലിൽ വെക്കുന്നതിനെ അവർ ചോദ്യം ചെയ്യുകയുണ്ടായി. ഹുസ്നി മുബാറക്കിന്റെ രഹസ്യപ്പോലീസ് പ്രസ്തുത പത്രസമ്മേളനം അലങ്കോലമാക്കുകയും അവർ താമസിച്ചിരുന്ന ഹോട്ടൽ മുറിയിൽ കയറി അക്രമം കാണിക്കുകയും ചെയ്തു. ഇഖ്വാൻ പ്രവർത്തകർ അവരെ പിൻവാതിലിലൂടെ രക്ഷപ്പെടുത്തുകയായിരുന്നു. ഈജിപ്തിലും ആസ്ത്രേലിയയിലും റിഡ്‌ലിക്ക് ഔദ്യോഗികമായിത്തന്നെ പ്രവേശനമില്ല. ഒരിക്കൽ പ്രധാനമന്ത്രി ടോണി ബ്ലയർ തന്നെ അവരെ പേരെടുത്ത് വിമർശിക്കുകയും ചെയ്തു.

ഇസ്‌ലാമിൽ താങ്കളെ ആകർഷിച്ച ഏറ്റവും വലിയ ഘടകം ഏതാണെന്ന് ചോദിച്ചാൽ ക്ഷണനേരം കൊണ്ട് അവരുടെ മറുപടി വരും: ഇസ്‌ലാമിന്റെ നീതിബോധം. ഈ നീതി ബോധവും മനുഷ്യാവകാശങ്ങളോടുള്ള ആഭിമുഖ്യവുമാണ് റിഡ്‌ലിയുടെ ഏറ്റവും വലിയ ഊർജം. ലോകത്തെങ്ങുമുള്ള സാമ്രാജ്യത്വ വിരുദ്ധ സമരങ്ങളെ പിന്തുണക്കാനും മർദ്ദിതർക്ക് വേണ്ടി ഓടിനടക്കാനും അവരെ പ്രേരിപ്പിക്കുന്നതും കനത്ത ഈ നീതിബോധം തന്നെ. ലോകത്തെ ഏതാണ്ടെല്ലാ കൊലക്കളങ്ങളിലും അവർ സന്ദർശനം നടത്തിയിട്ടുണ്ട്. ഫലസ്തീൻ, ചെച്നിയ, ഇറാഖ്, അഫ്ഗാനിസ്താൻ, ലബനാൻ എന്നിവിടങ്ങളിൽ നിരന്തരമായി യാത്ര ചെയ്ത് ജനങ്ങളുടെ വേദന അവർ നേരിൽ മനസ്സിലാക്കി. ഉസ്ബെക്കിസ്താനിൽ ഇസ്‌ലാം കരീമോവിന്റെ ഭരണകൂടം നടത്തിക്കൊണ്ടിരിക്കുന്ന കണ്ണിൽ ചോരയില്ലാത്ത മനുഷ്യാവകാശ ലംഘനങ്ങളെ ലോകത്തിനുമുന്നിൽ കൊണ്ടുവരുന്നതിൽ അവർ വലിയ പങ്കാണ് വഹിച്ചത്. കരീമോവിനെക്കുറിച്ച് സംസാരിക്കുമ്പോൾ റിഡ്‌ലിയുടെ മുഖത്ത് പതഞ്ഞുയരുന്ന രോഷം നമുക്ക് വായിച്ചെടുക്കാൻ കഴിയും. ഫലസ്തീനിനെക്കുറിച്ചാവുമ്പോഴാകട്ടെ, റിഡ്‌ലിയുടെ സംസാരം അനന്തമായി നീണ്ടു പോകും. രോഷവും കരച്ചിലോളമെത്തുന്ന സങ്കടവും നമുക്കതിൽ കാണാൻ കഴിയും. എന്തിനേറെ, നമ്മുടെ തൊട്ടടുത്ത ശ്രീലങ്കയിൽ എൽ.

**ഇസ്‌ലാമിൽ താങ്കളെ ആകർഷിച്ച ഏറ്റവും വലിയ ഘടകം ഏതാണെന്ന് ചോദിച്ചാൽ ക്ഷണനേരം കൊണ്ട് അവരുടെ മറുപടി വരും: ഇസ്‌ലാമിന്റെ നീതിബോധം. ഈ നീതി ബോധവും മനുഷ്യാവകാശങ്ങളോടുള്ള ആഭിമുഖ്യവുമാണ് റിഡ്‌ലിയുടെ ഏറ്റവും വലിയ ഊർജം. ലോകത്തെങ്ങുമുള്ള സാമ്രാജ്യത്വ വിരുദ്ധ സമരങ്ങളെ പിന്തുണക്കാനും മർദ്ദിതർക്ക് വേണ്ടി ഓടിനടക്കാനും അവരെ പ്രേരിപ്പിക്കുന്നതും കനത്ത ഈ നീതിബോധം തന്നെ.**

ടി.ടി.ഇ ആക്രമണത്തിൽ സർവം നഷ്ടപ്പെട്ട മുസ്‌ലിം ക്യാമ്പുകളിലും അവർ എത്തിയിട്ടുണ്ട്. വിശ്രമമില്ലാത്ത പ്രവർത്തനമാണ് അവരെ ലോകത്തെങ്ങുമുള്ള മുസ്‌ലിം ചെറുപ്പക്കാർക്കിടയിൽ ആവേശമാക്കുന്നത്. എൻ.ജി.ഒ ആക്റ്റിവിസ്റ്റുകളുടെ ജാടകൾ നിങ്ങൾക്കവരിൽ കാണാൻ കഴിയില്ല. കേരളത്തിലേക്ക് വരുന്നതിനുമുമ്പ്, ഞങ്ങളെന്ത് ഭക്ഷണമാണ് കരുതേണ്ടതെന്ന് ചോദിച്ചപ്പോൾ നിങ്ങളെന്താണോ കഴിക്കുന്നത് അതുമതി എന്നായിരുന്നു അവരുടെ മറുപടി. ഓഫീസിൽനിന്ന് നേരെ വിമാനം കയറി, തിരിച്ച് നേരെ അവർ ഓഫീസിലേക്ക് തന്നെ പോകുന്നു. ഇതുവരെ സന്ദർശിച്ചിട്ടില്ലാത്ത അതിവിദൂരത്തുള്ള നാട്ടിലേക്ക് ഒറ്റക്ക് യാത്രചെയ്യുമ്പോഴും അവർക്ക് യാതൊരു കൂസലുമില്ല.

ലണ്ടനിൽ കഴിഞ്ഞ കാലങ്ങളിൽ നടന്ന കൂറ്റൻ യുദ്ധവിരുദ്ധ റാലികളുടെ മുൻനിര സംഘാടകരിൽ അവരുണ്ടായിരുന്നു. *റസ്പക്റ്റ്* പാർട്ടിയുടെ ദേശീയ കൗൺസിലിൽ അവർ അംഗമാണ്. അതേ സമയം, പത്രപ്രവർത്തനമെന്ന തന്റെ പ്രഫഷൻ ഒപ്പംകൊണ്ടുനടക്കുകയും ചെയ്യുന്നു. ഇറാനിയൻ ചാനലായ *പ്രസ് ടി.വി*യുടെ ബ്രോഡ്കാസ്റ്ററായി അവർ ജോലി ചെയ്യുന്നു. *പ്രസ് ടി.വി*യിൽ അവർ കൈകാര്യം ചെയ്യുന്ന *അജണ്ട* എന്ന പരിപാടി വ്യാപകമായി ശ്രദ്ധിക്കപ്പെടുന്നതാണ്.

കഴിഞ്ഞ മാർച്ച് ഒന്നുമുതൽ നാലുവരെ അവർ നമ്മോടൊപ്പം കേരളത്തിലുണ്ടായിരുന്നു. നവംബറിൽ നടന്ന എസ്.ഐ.ഒ ദേശീയ ജാഥയിൽ പങ്കെടുക്കാൻ എത്തുമെന്ന് അവർ നമുക്ക് വാക്ക് തന്നതായിരുന്നു. എന്നാൽ സാങ്കേതിക കാരണങ്ങളാൽ അത് നടക്കാതെ പോവുകയായിരുന്നു. അവരുടെയും കേരളത്തിലെ ഇസ്‌ലാമിക പ്രവർത്തകരുടെയും സ്വപ്നമാണ് അവരുടെ സന്ദർശനത്തിലൂടെ യാഥാർഥ്യമായിരിക്കുന്നത്. റജാ ഗരോദി, മുറാദ് ഹോഫ്മാൻ, യൂസുഫുൽ ഇസ്‌ലാം, യൂസുഫുൽ ഖറദാവി, സിറാജ് വഹാജ്, റാശിദുൽ ഗനൂശി തുടങ്ങി ലോകത്തെങ്ങുമുള്ള ഇസ്‌ലാമിക പണ്ഡിതരെയും ദാർശനികരെയും ആക്റ്റിവിസ്റ്റുകളെയും കേരളത്തിലെ ഇസ്‌ലാമിക സമൂഹത്തിന് പരിചയപ്പെടുത്തിയ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പ്രവർത്തന പാരമ്പര്യത്തിന്റെ തുടർച്ച തന്നെയായിരുന്നു മൂന്നുദിവസം നീണ്ടു നിന്ന യിവോൺ റിഡ്‌ലിയുടെ സന്ദർശനവും. തിരക്കിട്ട പരിപാടികൾക്കിടയിൽ ഔപചാരികമായ അഭിമുഖത്തിന് സമയം അനുവദിക്കുന്നുണ്ടായിരുന്നില്ല. എങ്കിലും യാത്രകളുടെ ഇടവേളകളിൽ നടന്ന സംസാരങ്ങളിൽ പല വിധ വിഷയങ്ങൾ കടന്നു വന്നു. ബ്രിട്ടനിലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ, ഇന്ത്യൻ വംശജർ, ഇന്ത്യൻ ക്രിക്കറ്റ്, ബോളിവുഡ് സിനിമ, ഇംഗ്ലണ്ട് ലീഗ്, ഫുട്ബാളിന്റെ ഇപ്പോഴത്തെ അവസ്ഥ, ജിഹാദ്....തുടങ്ങി വൈവിധ്യമാർന്ന വിഷയങ്ങൾ. ആ സംസാരങ്ങളിലെ പ്രസക്ത ഭാഗങ്ങളിലൂടെ:

***പത്രപ്രവർത്തക, മനുഷ്യാവകാശ-രാഷ്ട്രീയ പ്രവർത്തക, മുസ്‌ലിം സ്ത്രീ ഇങ്ങനെ പലവിധ ഐഡന്റിറ്റികളിൽ ഏതാണ് താങ്കൾ ഏറ്റവും ഇഷ്ടപ്പെടുന്നത്?***

ഇതുമൂന്നും പരസ്പര വിരുദ്ധമായ നിയോഗങ്ങളല്ല. എല്ലാം ഒന്നിനോടൊന്ന് പൂരകമാണ്. ഇസ്‌ലാം ആശ്ലേഷണത്തിനുമുമ്പ് എന്നെ അംഗീകരിച്ചിരുന്ന ബ്രിട്ടനിലെ മാധ്യമങ്ങൾ ഇപ്പോൾ എന്നെ മുൻ പത്രപ്രവർത്തക എന്നാണ് വിശേഷിപ്പിക്കാറുള്ളത്. ഒരു മുസ്‌ലിം സ്ത്രീക്ക് പത്രപ്രവർത്തകയാകാൻ കഴിയില്ല എന്ന മുൻവിധിയിൽ നിന്നാണ് ഈ പ്രയോഗം വരുന്നത്.

***പത്രപ്രവർത്തനം നിഷ്പക്ഷമായിരിക്കണമെന്നാണല്ലോ വെപ്പ്. പത്രപ്രവർത്തക പ്രശ്നങ്ങളിലിടപെടു***

***കയും പക്ഷം പിടിക്കുകയും ചെയ്യു മ്പോൾ?***

എന്റെ നിഘണ്ടുവിലെ ഏറ്റവും വിഡ്ഢിത്തം നിറഞ്ഞ പദമാണ് നിഷ്പക്ഷ പത്രപ്രവർത്തനം എന്നത്. അങ്ങനെയൊന്നില്ല. അങ്ങനെയൊന്നുണ്ടാകാൻ സാധ്യമല്ല. ഇരുവശവും പരിശോധിക്കണമെന്നൊക്കെ ചിലയാളുകൾ പറയും. ഇത് പ്രഫഷനലിസത്തിന്റെ ഭാഗമാണ്. എന്നാൽ എപ്പോഴും ഇത് ശരിയായിക്കൊള്ളണമെന്നില്ല. ബലാത്സംഗം റിപ്പോർട്ടു ചെയ്യാൻ നിങ്ങൾ ബലാത്സംഗം ചെയ്ത ആളെയും നോക്കി നടക്കുമോ? അയാളുടെ വശവും കിട്ടണമെന്ന് ആരും വാശി പിടിക്കില്ല. ഇരയുടെ അനുഭവങ്ങളാണ് നമ്മൾ റിപ്പോർട്ടു ചെയ്യുക.

***സി.ഐ.എ താങ്കളെ കൊല്ലാൻ ശ്രമിച്ചതിനെക്കുറിച്ച് മുമ്പൊരിക്കൽ പറഞ്ഞിരുന്നല്ലോ. പിന്നീട് അതിനെക്കുറിച്ച് കൂടുതലൊന്നും കേട്ടില്ല?***

അതെ, ഞാൻ താലിബാൻ തടവറയിലായിരിക്കെ താലിബാനെക്കൊണ്ട് എന്നെ കൊല്ലിക്കാൻ സി.ഐ.എ പദ്ധതിയിട്ടിരുന്നു. എന്നെ കൊല്ലുക വഴി അഫ്ഗാൻ ആക്രമണത്തിന് അന്താരാഷ്ട്ര പിന്തുണ ഉറപ്പാക്കാൻ കഴിയുമെന്ന് അവർ കണക്കുകൂട്ടി. തടവറയിൽ നിന്ന് പുറത്തിറങ്ങിയതിനു ശേഷമാണ് ഞാൻ ഈ ഗൂഢാലോചന തിരിച്ചറിഞ്ഞത്. ഞാൻ ചാരയാണെന്ന് തെളിയിക്കാൻ പലവിധത്തിലുള്ള വ്യാജ രേഖകൾ അവർ രഹസ്യമായി താലിബാൻ ഉദ്യോഗസ്ഥർക്ക് എത്തിക്കുകയായിരുന്നു. ചാരയാണെന്ന് തെളിയിക്കപ്പെട്ടാൽ താലിബാൻ എന്നെ കഴുത്തറുത്ത് കൊല്ലുമെന്നായിരുന്നു അവർ പ്രതീക്ഷിച്ചത്. ലണ്ടനിലെ എന്റെ ഫ്ളാറ്റിൽ അന്യായമായി കടന്നു കയറിയാണ് അവർ പല രേഖകളും കൈക്കലാക്കിയത്. പക്ഷേ, എന്റെ വെളിപ്പെടുത്തലുകൾ ആരും ഗൗരവത്തിൽ എടുത്തില്ല. ഒരു ഭ്രാന്തിയുടെ വർത്തമാനം എന്നാണ് സി.ഐ.എ അതിനെക്കുറിച്ച് വിശേഷിപ്പിച്ചത്.

***താങ്കളുടെ ഇസ്‌ലാം ആശ്ലേഷത്തെ കുടുംബവും സുഹൃത്തുക്കളും എങ്ങനെയാണ് കണ്ടത്?***

സുഹൃത്തുക്കളും ബന്ധുക്കളും ശരിക്കും അമ്പരന്നു പോയി. പത്രപ്രവർത്തന മേഖലയിലെ എന്റെ സുഹൃത്തുക്കളിൽ പലരും ഇത് *സ്റ്റോക്ഹോം സിൻഡ്രമാണ്*

**ഹിജാബിനെതിരെ അനാവശ്യമായ ഭീതി സൃഷ്ടിക്കുകയാണ് പടിഞ്ഞാറൻ ഭരണകൂടങ്ങളും മാധ്യമങ്ങളും. ഹിജാബ് ധരിക്കുന്നതിന്റെ പേരിൽ പെൺകുട്ടികൾ പീഡിപ്പിക്കപ്പെടുന്നു. ഇത് അനുവദിക്കാൻ പറ്റില്ല. നിങ്ങൾക്ക് വേണമെങ്കിൽ ഹിജാബ് ധരിക്കാം, ധരിക്കാതാരിക്കാം. എന്നാൽ ധരിക്കുന്നവരെ അതിൽ നിന്ന് തടയാൻ പറ്റില്ല. ഹിജാബ് ധരിക്കനുള്ള അവകാശത്തിന് വേണ്ടി ഞാൻ അവസാനം വരെ പൊരുതും.**



എന്ന് വിശേഷിപ്പിക്കാനാണ് താൽപര്യം കാണിച്ചത്. *സ്റ്റോക്ഹോം സിൻഡ്രം* എങ്ങനെയുണ്ടാവുന്നുവെന്നും അതിന്റെ ലക്ഷണങ്ങളെന്താണെന്നും അവർക്കറിയില്ല. യഥാർഥത്തിൽ താലിബാൻ തടവറയിൽ കഴിഞ്ഞ മുഴുവൻ ദിവസങ്ങളിലും ഞാൻ അവരോടു കലഹിച്ചുകൊണ്ടിരിക്കുകയായിരുന്നു. നിരാഹാരസമരത്തിലായിരുന്നു ഞാൻ. ഞാൻ അവരെ അസഭ്യം പറയുകയും കാർക്കിച്ചു തുപ്പുകയും ചെയ്തു. ഇങ്ങനെയൊരാൾക്ക് എങ്ങനെയാണ് *സ്റ്റോക്ഹോം സിൻഡ്രം* ഉണ്ടാവുക. ബന്ധുക്കൾ തുടക്കത്തിൽ അമ്പരന്നെങ്കിലും പിന്നീട് അവർക്ക് ഒത്തുപോവാൻ പ്രയാസമൊന്നുമുണ്ടായില്ല. കോളെജിൽ പഠിക്കുന്ന എന്റെ മകൾ ഡെയ്സി; അവളാണ് ഇപ്പോൾ എനിക്ക് ഏറ്റവും പിന്തുണ നൽകുന്നത്. അവൾ ഇസ്‌ലാം സ്വീകരിച്ചിട്ടില്ല. ഞാൻ അതിന് അവളെ നിർബന്ധിച്ചിട്ടുമില്ല. എൺപതു വയസ്സായ അഛനും എനിക്ക് പിന്തുണ നൽകുന്നു.

***ഇസ്‌ലാമിലേക്കുള്ള വരവിന് മുമ്പുള്ള രാഷ്ട്രീയ നിലപാടുകൾ?***

ഞാൻ പലേടത്തും സൂചിപ്പിച്ചതു പോലെ, ഇസ്‌ലാമിന്റെ നീതി സങ്കൽപമാണ് എന്നെ ഇസ്‌ലാമിലേക്ക് ആകർഷിച്ചത്. നീതിയും മനുഷ്യാവകാശവും സോഷ്യലിസവും എന്റെ എക്കാലത്തെയും വലിയ സ്വപ്നമായിരുന്നു. എന്റെ രാഷ്ട്രീയം സോഷ്യലിസമായിരുന്നു. ഇന്നും ഞാൻ സോഷ്യലിസത്തെ ആദരിക്കുന്നു. 1976 മുതൽ 2003 വരെ എനിക്ക് ലേബർ പാർട്ടിയിൽ അംഗത്വമുണ്ടായിരുന്നു. എന്റെ ഏറ്റവും ഇഷ്ടപ്പെട്ട രണ്ട് പൂച്ചക്കുട്ടികൾക്ക് ഞാൻ നൽകിയ പേര് മാർക്സ് എന്നും ലെനിൻ എന്നുമായിരുന്നു.

***യൂറോപ്യർ എങ്ങനെയാണ് ഇസ്‌ലാമിനെ കാണുന്നത്?***

യൂറോപ്യർ എങ്ങനെ ഇസ്‌ലാമിനെ കണ്ടാലും ഇസ്‌ലാമില്ലാതെ അവർക്ക് ഇനി മുന്നോട്ടുപോകാൻ കഴിയില്ല. നോക്കൂ, നിങ്ങളുടെ മകൻ/മകൾ രാത്രി വീട്ടിലുണ്ടാവണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നില്ലേ; അവർ സിഗരറ്റ് വലിച്ച്, ബാറുകളിൽ കറങ്ങി കഴിച്ചു കൂട്ടുന്നത് നിങ്ങളെങ്ങനെയാണ് കാണുക. രാത്രി കുട്ടിയെ വീട്ടിലിരുത്താൻ ഇസ്‌ലാമിന്റെ ധാർമിക അധ്യാപനങ്ങൾക്കല്ലാതെ മറ്റെന്തിനാണു കഴിയുക. ഹിജാബ് ധരിച്ച് റോഡിലൂടെ നിങ്ങൾക്ക് സിഗരറ്റ് വലിച്ച് നടക്കാൻ പറ്റുമോ? യൂറോപ്പും അമേരിക്കയും പാശ്ചാത്യ ക്രൈസ്തവ സമൂഹങ്ങളും അനുഭവിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി ധാർമികതയുടേതാണ്. ഇസ്‌ലാമിന്റെ ഏറ്റവും വലിയ കരുത്തും ഇതാണ്. ഈ കരുത്ത് ഉള്ളേടത്തോളം കാലം നമ്മെ തോൽപിക്കാൻ ആർക്കും കഴിയില്ല. ഇസ്‌ലാമിക നിയമസംഹിതയുടെ ഈ കരുത്ത് മനസ്സിലാക്കിയാണ് കാന്റർബറി ആർച്ച് ബിഷപ്പ് ശരീഅത്തിനെക്കുറിച്ച ഗൗരവമായ പ്രസ്താവനയിറക്കിയത്. യഥാർഥത്തിൽ ക്രിയാത്മകമായ ഒരു സംവാദത്തിലേക്ക് നയിക്കേണ്ടതായിരുന്നു അദ്ദേഹത്തിന്റെ പ്രസ്താവന. പക്ഷേ, ബ്രിട്ടനിലെ മാധ്യമങ്ങൾ ചേർന്ന് അതിനെ വിവാദമാക്കി. അങ്ങേയറ്റത്തെ ഇസ്‌ലാം ഭീതിയോടെയാണ് മാധ്യമങ്ങൾ കാര്യങ്ങൾ കൈകാര്യം ചെയ്തത്. ആർച്ച്ബിഷപ്പിനെ ബിൻലാദന്റെ ഏജന്റ് എന്ന് വിളിക്കാൻപോലും അവർക്ക് മടിയുണ്ടായില്ല.

***ഹിജാബ് സ്ത്രീകളെ അടിച്ചമർത്തുന്നുവെന്നാണല്ലോ പറയുന്നത്?***

ഞാൻ എന്റെ ശരീരത്തിലെ മറ്റുള്ളവർ കാണരുതെന്ന് ആഗ്രഹിക്കുന്ന ഭാഗങ്ങൾ മറക്കുന്നത് എങ്ങനെയാണ് അടിച്ചമർത്തലാവുന്നത്. എന്റെ കാലുകളും മാറിടവും തുറന്ന് കൊടുത്താലേ അവർ സംതൃപ്തരാവൂ എന്നാണോ? എന്റെ ബുദ്ധിയെയും മനസ്സിനെയും അംഗീകരിക്കാൻ അവർക്കാവില്ല, എന്റെ ശരീരം കൊണ്ടേ അവർ തൃപ്തിപ്പെടൂ എന്നു വന്നാൽ അത് വലിയ കഷ്ടമാണ്. ഹിജാബിനെതിരെ അനാവശ്യമായ ഭീതി സൃഷ്ടിക്കുകയാണ് പടിഞ്ഞാറൻ ഭരണകൂടങ്ങളും മാധ്യമങ്ങളും. ഹിജാബ് ധരിക്കുന്നതിന്റെ പേരിൽ പെൺകുട്ടികൾ പീഡിപ്പിക്കപ്പെടുന്നു. ഇത് അനുവദിക്കാൻ പറ്റില്ല. നിങ്ങൾക്ക് വേണമെങ്കിൽ ഹിജാബ് ധരിക്കാം, ധരിക്കാതാരിക്കാം. എന്നാൽ ധരിക്കുന്നവരെ അതിൽ നിന്ന് തടയാൻ പറ്റില്ല. ഹിജാബ് ധരിക്കാനുള്ള അവകാശത്തിനുവേണ്ടി ഞാൻ അവസാനംവരെ പൊരുതും.

***നിഖാബിനെക്കുറിച്ച (മുഖം മറക്കുന്ന മക്കന) ജാക് സ്ട്രോവിന്റെ പ്രസ്താവന വലിയ കോലാഹലങ്ങൾ ഉണ്ടാക്കിയല്ലോ?***

അതെ. ഹിജാബിനെതിരായ നീക്കങ്ങളുടെ ഒരു അടിസ്ഥാനം വംശീയതയാണെന്ന് നിങ്ങൾ മനസ്സിലാക്കണം. സ്ത്രീവിമോചനമോ സ്വാതന്ത്ര്യമോ ഒന്നുമല്ല അവരുടെ കാര്യം. ശുദ്ധമായ വംശീയ അന്ധതയാണ്. ജാക് സ്ട്രോവിനെ പോലെ ഒരാൾ നിഖാബിനെതിരെ തിരിഞ്ഞത് എന്നെ അത്ഭുതപ്പെടുത്തി. എന്നിട്ടെന്തുണ്ടായി? സാധാരണ ഗതിയിൽ നിഖാബ് ധരിക്കാത്തവർ പോലും നിഖാബ് ധരിച്ച് പ്രകടനങ്ങൾ നടത്തി. ഞാൻ വ്യക്തിപരമായി നിഖാബ് ആവശ്യമാണെന്ന വിശ്വാസക്കാരിയല്ല. പക്ഷേ, നിഖാബിനെതിരായ നീക്കങ്ങളെ ഞാൻ ചെറുക്കും. അവർ ഇന്ന് നിഖാബിനെയാണ് പിടികൂടുന്നതെങ്കിൽ നാളെ ഹിജാബിനെത്തന്നെ പിടികൂടും. ഇത് അനുവദിക്കാൻ പറ്റില്ല.

***ബ്രിട്ടീഷ് പൊതുജീവിതത്തിൽ മുസ്‌ലിം ലയിച്ചു ചേരുന്നില്ല എന്നാണല്ലോ പരാതി. എപ്പോഴും അപരനായി മാറിനിൽക്കുന്നു?***

എന്താണ് നിങ്ങൾ ഈ പറയുന്ന ബ്രിട്ടീഷ് ഐഡന്റിറ്റി? അങ്ങനെയൊന്നുണ്ടോ? ബ്രിട്ടനിൽ ഇന്ന് ഏറ്റവും ഉപയോഗിക്കപ്പെടുന്ന കാർ ജർമനിയുടെതാണ്. ഏറ്റവും ഇഷ്ടപ്പെട്ട ഭക്ഷണം ഇന്ത്യൻ വിഭവങ്ങളും പിന്നെ ഇറ്റാലിയൻ, ചൈനീസ് ഫാസ്റ്റ് ഫുഡുമാണ്. ഒഴിവുദിവസങ്ങളിൽ എല്ലാവരും ഹോളണ്ടിലേക്കോ ഫ്രാൻസിലേക്കോ പോകുന്നു. വെയിലു കായാൻ വരെ ഫ്രാൻസിലെ ബീച്ചിലേക്കാണ് പോകുന്നത്. റിട്ടർമെന്റ് ആയാൽ ഫ്രാൻസിൽ പോയി താമസിക്കുന്നു. ലീഗ് ഫുട്ബാളിലാകട്ടെ സ്പെയിനിൽനിന്നും ഇറ്റലിയിൽനിന്നും ഇറക്കുമതിചെയ്ത താരങ്ങളെ വെച്ചാണ് കളി. പിന്നെ, ബ്രിട്ടീഷ് ഐഡന്റിറ്റി എന്ന് പറയാനായി എന്താണുള്ളത്?

മുസ്‌ലിംകൾ പൊതുജീവിതത്തിൽ നിന്ന് മാറിനിൽക്കണമെന്ന് ഞാൻ പറയില്ല. സാമൂഹിക-രാഷ്ട്രീയ ജീവിതത്തിൽ അവർ സജീവ പങ്കാളിത്തം വഹിക്കണം. പ്രത്യേകിച്ച് രാഷ്ട്രീയ രംഗത്ത്. അരാഷ്ട്രീയ വാദികളെയാണ് ഭരണാധികാരികൾക്കിഷ്ടം. അവരുടെ താളത്തിന് തുള്ളുന്നവരെ അപ്പോഴേ കിട്ടുകയുള്ളൂ. ഞങ്ങൾ *റസ്പക്റ്റ്* പാർട്ടി മുസ്‌ലിംകളെ സജീവ രാഷ്ട്രീയ പങ്കാളിത്തത്തിന് പ്രേരിപ്പിച്ചുകൊണ്ടേയിരിക്കുന്നു.

***കേരളത്തിലെ സഹോദരങ്ങൾക്ക് നൽകാനുള്ള ഉപദേശം?***

അല്ലാഹുവിനെ ഭയപ്പെടുക. അല്ലാഹുവിനെയല്ലാതെ മറ്റാരെയും ഭയക്കാതിരിക്കുക. അല്ലാഹുവിന്റെ മുമ്പിലല്ലാതെ മറ്റാരുടെ മുമ്പിലും മുട്ടുകൾ വളയരുത്. ■